## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2953 21.08.2017 ൽ മറുപടിയ്ക്ക്**

**പച്ചത്തേങ്ങ സംഭരണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരണം സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ എന്താണ് ഇതിന് കാരണം; | (എ) യും (ബി) യും (സി) യും | പച്ചത്തേങ്ങ സംഭരണം നിർത്തലാക്കിയിട്ടില്ല. കമ്പോള വില ഉയർന്ന് നിൽക്കുന്ന സാഹചര്യത്തിൽ നാളികേര സംഭരണത്തിന് പ്രസക്തി ഇല്ല. നാളികേരത്തിന്റെ കമ്പോളവില ഇപ്പോൾ വലിയ തോതിൽ ഉയർന്നു നിൽക്കുന്ന സാഹചര്യത്തിൽ കർഷകരെ രക്ഷിക്കുന്നതിനായി സബ്സിഡി നൽകി നാളികേരം സംഭരിക്കേണ്ട ആവശ്യമില്ല. നാളികേരത്തിന്റെ കമ്പോള വില ഇടിയുന്ന സന്ദർഭങ്ങളിൽ കർഷകർക്ക് ആശ്വാസമായ രീതിയിൽ സംഭരണം പുനരാരംഭിക്കുന്നതാണ്. കൃഷി ഭവനുകൾ വഴിയും സഹകരണ സംഘങ്ങൾ വഴിയും ആവശ്യമായ ഘട്ടത്തിൽ പച്ചത്തേങ്ങ സംഭരണം നടത്തുന്നതിനുള്ള എല്ലാ തയ്യാറെടുപ്പുകളും നടത്തിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പച്ചത്തേങ്ങ സംഭരണവുമായി ബന്ധപ്പെട്ട് ഗുരുതരമായ വീഴ്ചകളുണ്ടായിട്ടുണ്ടെന്ന് സി എ ജി തന്നെ കണ്ടെത്തിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്ന കേരഫെഡിൽ ക്രമക്കേടുകളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നു വരികയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പച്ചത്തേങ്ങ സംഭരിച്ച വകയിൽ കർഷകർക്ക് നൽകുവാൻ ബാക്കിയുണ്ടായിരുന്ന മുഴുവൻ തുകയും ഈ സർക്കാർ നൽകിയിട്ടുണ്ട്. ഇപ്പോൾ കേരഫെഡ് |
| (ബി) ഇത്തരത്തിൽ സംഭരണം നിർത്തി വച്ചത് നാളികേര കർഷകർക്ക് വളരെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നതാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; സംഭരണവുമായി ബന്ധപ്പെട്ട് നാളികേര കർഷകരെ സഹായിക്കുന്നതിന് കേരഫെഡ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; ഫണ്ടിന്റെ അപര്യാപ്തത സംഭരണ നടപടികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; | | |
| (സി) കേരഫെഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പച്ചതേങ്ങ സംഭരണം പുനരാരംഭിക്കുന്നതിനും നാളികേര കർഷകരെ സഹായിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

ഘട്ടം ഘട്ടമായി ഉത്പാദനക്ഷമത വർദ്ധിപ്പിച്ച് വൈവിദ്ധ്യവൽക്കരണത്തിലൂടെ വെളിച്ചെണ്ണ കൂടാതെ മറ്റ് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്തു് വരുന്നു.

**സെക്ഷൻ ഓഫീസർ**